(സി) ഐ.സി.ഡി.എസ്. മാനദണ്ഡമനുസരിച്ച് സാധാരണഗതിയിൽ ഒരു അംഗൻവാടി അനുവദിക്കുന്നതിന് അർബൻ/റൂറൽ പ്രദേശങ്ങളിൽ 1000 ജനസംഖ്യയും, ട്രൈബൽ പ്രദേശങ്ങളിൽ 700 ജനസംഖ്യയും ഉണ്ടായിരിക്കണം എന്നാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം. എന്നാൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് 300-ന് മേൽ ജനസംഖ്യയുള്ള സ്ഥലങ്ങളിൽ അംഗൻവാടികൾ അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം ഉണ്ട്. അതുപോലെ പ്രത്യേക സാഹചര്യങ്ങളിൽ 150-300 ഇടയ്ക്ക് ജനസംഖ്യയുള്ള സ്ഥലങ്ങളിലും മിനി അംഗൻവാടികൾ തുടങ്ങാനും നിർദ്ദേശമുണ്ട്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) കുഴൽമന്ദം ഐ.സി.ഡി.എസ്. പ്രോജക്ട് പരിധിയിലുള്ള താഴെപ്പറയുന്ന പഞ്ചായത്തുകളിൽ നിന്നും ആകെ 23 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത്	എണ്ണം
കോട്ടായി	3
കണ്ണാടി	10
കുത്തന്നൂർ	2
പെരുങ്ങോട്ടുകുറിശ്ശി	4
മാത്തൂർ	2
തേങ്കുറുശ്ശി	2
ആകെ	**23**

(എഫ്) പുതുതായി അംഗൻവാടികൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവാദം ലഭിക്കേണ്ടതുണ്ട്.

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ അംഗൻവാടി അനുവദിക്കാൻ നടപടി

40 [2812] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2004-05 വർഷത്തിൽ എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ജില്ലയിൽ എത്ര അംഗൻവാടികൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; അനുവദിച്ച അംഗൻവാടികളിൽ എത്ര എണ്ണം ആരംഭിച്ചു എന്നും ആരംഭിക്കാത്തത് എത്ര എന്നും പേരു സഹിതം വെളിപ്പെടുത്താമോ;

(സി) കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്കിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ അംഗൻവാടി അനുവദിക്കണമെന്ന എം.എൽ.എ-യുടെയും മറ്റുമുള്ള നിവേദനത്തിൽ നടപടി എന്തായി എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 2004-05 സാമ്പത്തിക വർഷം പുതുതായി അംഗൻവാടികൾ അനുവദിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) സംസ്ഥാനത്ത് പുതുതായി അംഗൻവാടികൾ അനുവദിച്ചിട്ടില്ല. പുതുതായി അംഗൻവാടി അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്.

തൃശൂർ ജില്ലയിലെ അംഗൻവാടികൾ

41 [2813] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിൽ ഓരോ ബ്ലോക്കുകളിലും എത്ര അംഗൻവാടികൾ വീതം പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത അംഗൻവാടികളിൽ വർക്കർ, ഹെൽപ്പർ തസ്തികകളിൽ ഉള്ള ഒഴിവുകൾ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ ഐ.സി.ഡി.എസ്.-ൽ എത്ര തസ്തികകളാണ് ജില്ലാ ഓഫീസിലും വിവിധ ബ്ലോക്കുകളിലും അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര വീതം ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ജില്ലയിൽ എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്; ഓരോ ബ്ലോക്കിലും സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly